# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 11 | 26.02.2018- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

**ചോദ്യം**

ശ്രീ.ആന്റണി ജോൺ
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ.വി.കെ.സി. മമ്മത് കോയ
ശ്രീ. എം. സ്വരാജ്

**മറുപടി**

ശ്രീ. പിണറായി വിജയൻ
*(മുഖ്യമന്ത്രി)*

(എ) ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ വിശേഷിച്ച് സൗദി അറേബ്യയിൽ, സ്വദേശി വൽക്കരണം കൂടുതൽ മേഖലകളിലേക്ക് വ്യാപകമാകുന്നത് കാരണം പ്രവാസികൾ അധികമായി തിരിച്ചുവരാനിടയാകുന്നത് സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കാനിടയുള്ള ആഘാതം വിലയിരുത്തിയിട്ടുണ്ടോ; ഇത് ലഘൂകരിക്കാനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാനാണുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(എ) ആഗോള സമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് സൗദി അറേബ്യയിൽ സ്വദേശീവൽക്കരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഫലമായി പ്രവാസി മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുവാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഗണ്യമായ ആഘാതം ഉണ്ടാക്കുമെന്ന് കരുതുന്നു. പ്രസ്തുത ആഘാതം ലഘൂകരിക്കാനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള പ്രവാസി പുനരധിവാസ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുക.
2. വിദേശരാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഉൾപ്പെടെ പുതിയ തൊഴിൽ അവസരങ്ങൾ കണ്ടെത്തുക.
3. വിദേശത്ത് തൊഴിൽ വൈദഗ്ധ്യം ഏറ്റവും ആവശ്യമായ മേഖലകളിലെ തൊഴിൽ അവസരങ്ങൾ കണ്ടെത്തി കേരളത്തിൽ നിന്ന് റിക്രൂട്ട്മെന്റ് പ്രോത്സാഹിപ്പിക്കുക.
4. കൂടുതൽ വ്യവസായ സംരംഭങ്ങൾ കേരളത്തിൽ തുടങ്ങാൻ സഹായിക്കുന്ന ഒരു ഇക്കോ സിസ്റ്റം സാധ്യമാക്കുക.

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി പ്രവാസി മലയാളി നിക്ഷേപ സഹായ സെൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യങ്ങൾ വിശദമാക്കുമോ;

(ബി) നിക്ഷേപ സഹായ സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. എന്നാൽ, മടങ്ങി വന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്.

(സി) പുനരുല്പാദനത്തിന് ഉപകരിക്കാത്തവിധം നിശ്ചല നിക്ഷേപമായി മാറുന്ന പ്രവാസി സമ്പത്ത് ഉല്പാദന മേഖലയിലേക്ക് തിരിച്ച് വിട്ട് പ്രവാസികൾക്കും സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും നേട്ടമുണ്ടാക്കുന്നതിനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ ?

(സി) പ്രവാസികളുടെ സമ്പാദ്യം കേരളത്തിലെ വിവിധ സംരംഭകത്വ/വാണിജ്യ മേഖലകളിൽ നിക്ഷേപം നടത്തി പ്രസ്തുത നിക്ഷേപം കാര്യക്ഷമമായി വിനിയോഗിക്കാനുള്ള സഹായങ്ങൾ നല്കുന്നതിന് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രവാസികളിൽ നിന്നും വൻകിട നിക്ഷേപങ്ങൾ സുരക്ഷിതമായ മേഖലകളിലേയ്ക്ക് എത്തിക്കാനുള്ള സഹായമാണ് സെന്റർ ചെയ്യുന്നത്. നിക്ഷേപകർക്ക് ലഭിക്കേണ്ട സർക്കാർ ക്ലിയറൻസുകൾ വേഗത്തിലാക്കാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ